# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

22/02/2026 | മാർക്ക് - 50
10.30am - 12.30pm | **STD - VII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സ്നേഹം | * 1908 | * ദ്രവ്യാസക്തി |
| * നന്മ | * ഉല്പത്തി | * 1902 |
| * കുട്ടികൾ | * ദൈവജനം | * വിധി |
| * വൈദീകർ | * CCC | * കള്ളം പറയുമ്പോൾ |
| * സുഭാഷിതങ്ങൾ | * കാരുണ്യ പ്രവൃത്തികൾ | * രണ്ടാം വത്തിക്കാൻ കൗൺസിൽ |

1. സത്യം അറിയാനുള്ള അവകാശം ലംഘിക്കപ്പെടുന്നത് എപ്പോൾ?
2. ദൈവാരാധനയ്ക്കുള്ള ദൈവാലയം നിർമ്മിക്കേണ്ട ചുമതല ആർക്കാണ്?
3. കൽപ്പനകളുടെ കാതൽ എന്താണ്?
4. 'മനുഷ്യന്റെ മനസ്സിനെ സ്വയം കീഴടക്കാൻ സാധിച്ചാൽ അവനാണ് ഈ ലോകത്തിലെ ഏറ്റവും ശക്തനായവൻ.' ഈ സത്യം രേഖപ്പെടുത്തുന്ന വിശുദ്ധ ഗ്രന്ഥ പുസ്തകം?
5. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ." ഈശോയുടെ ഈ സ്നേഹം പ്രകടിപ്പിക്കാനുള്ള മാർഗങ്ങൾ എന്താണ്?
6. വിവാഹമോചനത്തിന്റെ ദുഷ്ഫലം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ആര്?
7. സമ്പത്ത് സമാഹരിക്കുന്നതിനുള്ള അതിരുകടന്ന ആഗ്രഹത്തെ പറയുന്നത് എന്ത്?
8. ദൈവമാണ് സ്ത്രീപുരുഷന്മാരെ വിവാഹബന്ധത്തിലേക്കും കുടുംബ ജീവിതത്തിലേക്കും നയിക്കുന്നത് എന്ന് വ്യക്തമാക്കുന്ന പുസ്തകം ഏത്?
9. ഇരുപതാം നൂറ്റാണ്ടിലെ ആദ്യ വിശുദ്ധയായ മരിയ ഗൊരേത്തി മരിച്ച വർഷം?
10. 'ഓരോ മനുഷ്യന്റെ ഹൃദയത്തിലും ദൈവം രേഖപ്പെടുത്തിയ ഒരു നിയമമുണ്ട്' എന്ന് മനഃസ്സാക്ഷിയെ ഉദ്ദേശിച്ച് പഠിപ്പിക്കുന്നതാര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. സ്വത്ത് സമ്പാദനം തിന്മയാകുന്നത് എപ്പോൾ?
12. അന്ത്യവിധി ദിവസത്തിൽ കർത്താവ് നമ്മെ വിധിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

13. വിശ്വാസികൾക്ക് നിത്യരക്ഷ കൈവരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവ ഏവ?

14. എട്ടാം പ്രമാണം നമ്മെ അനുസ്മരിപ്പിക്കുന്നത് എന്താണ്?

15. എന്താണ് വിവാഹത്തിന്റെ അഭേദ്യത എന്ന് പറയുന്നത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

17. എന്താണ് മിതവ്യയം? എന്താണ് ഔദാര്യം?

18. കള്ളം പറയുന്നത് തിന്മയാണ്. എന്തുകൊണ്ട്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. 'എത്രയും ദയയുള്ള മാതാവേ' എന്ന പ്രാർത്ഥന എഴുതുക.

20. ഫ്രാൻസീസ് മാർപാപ്പയുടെ ഭൗതീകശരീരം അടക്കം ചെയ്തിരിക്കുന്നത് എവിടെ?

21. വചനം പൂർത്തിയാക്കുക. ഹെബ്രായർ 4:16, "വേണ്ട സമയത്തു ..........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഉയർത്തിപ്പിടിച്ച കരങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. എന്താണ് മനഃസ്സാക്ഷി എന്നും, ക്രിസ്തീയ മനഃസ്സാക്ഷി രൂപീകരണത്തിന് നമ്മെ സഹായിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും 'മനഃസ്സാക്ഷി രൂപീകരണം' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

24. ദൈവദാനമായ ലൈംഗികോർജ്ജം നഷ്ടപ്പെടുന്ന വഴികൾ - ലൈംഗികോർജ്ജം എങ്ങനെ പ്രയോജനപ്പെടുത്താം - ലൈംഗികതയുടെ ആധ്യാത്മിക മൂല്യം - ഇവയെക്കുറിച്ച് ഉപപാഠപുസ്തകത്തിലെ 'ലൈംഗികത എന്റെ ഉത്തരവാദിത്വങ്ങളിൽ ഒന്ന്' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# STD VII

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. കള്ളം പറയുമ്പോൾ (പാഠം 9/ പേജ് 52/പാര 5)
2. ദൈവജനം (പാഠം 13/ പേജ് 73/പാര 4)
3. സ്നേഹം (പാഠം 12/ പേജ് 65/പാര 2)
4. സുഭാഷിതങ്ങൾ (ഉപപാഠം 7/ പേജ് 29/പാര 2)
5. കാരുണ്യ പ്രവൃത്തികൾ (പാഠം 12/ പേജ് 68/ Line 10)
6. കുട്ടികൾ (പാഠം 10/ പേജ് 57/പാര 3)
7. ദ്രവ്യാസക്തി (പാഠം 11/ പേജ് 61/പാര 1)
8. ഉല്പത്തി (പാഠം 10/ പേജ് 55/പാര 2)
9. 1902 (ഉപപാഠം 5/ പേജ് 22/Last Para)
10. രണ്ടാം വത്തിക്കാൻ കൗൺസിൽ (പാഠം 14/77/ Line 1)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക 1X5=5

11. പാഠം 11/ പേജ് 61/പാര 3
    മനുഷ്യവർഗത്തിന് മുഴുവനും വേണ്ടി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിൽ ഒരു വ്യക്തി തന്റെ മാത്രം സുരക്ഷിതത്വവും സുഖവും നോക്കി വ്യാപരിക്കുമ്പോൾ അത് തിന്മയാകുന്നു.
12. പാഠം 12/ പേജ് 66/പാര 3
    നമ്മുടെ സഹോദര സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ
13. പാഠം 13/ പേജ് 71/പാര 3
    ദൈവാരാധന, കൂദാശകളുടെ സ്വീകരണം, കല്പനകളുടെ പാലനം.
14. പാഠം 9/ പേജ് 50/പാര 1
    എപ്പോഴും സത്യസന്ധമായി മാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്ന്.
15. പാഠം 10/ പേജ് 56/പാര 3
    ദൈവം യോജിപ്പിക്കുന്ന ബന്ധമായതുകൊണ്ട് വിവാഹ ബന്ധം വിച്ഛേദിക്കാനാവില്ല.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2X3=6

16. പാഠം 12/ പേജ് 68/പാര 1

    സ്വാർത്ഥതയില്ലാത്ത സ്നേഹമാണ്......... ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന സ്നേഹമാണത്.
17. പാഠം 11/ പേജ് 62/പാര 4,5

    മിതവ്യയം : ഒരുവന്റെ ആവശ്യത്തിന് മാത്രം ......... പ്രവർത്തന രീതിയാണ് മിതവ്യയം.

    ഔദാര്യം : ലോകത്തിലൊരാളെങ്കിലും ....... സഹായിക്കുന്ന പുണ്യമാണ് ഔദാര്യം.
18. പാഠം 9/ പേജ് 51/പാര 1

    സത്യത്തിന് വിരുദ്ധമായ പ്രസ്താവനകളെല്ലാം കള്ളമാണ്.......... ഇത് ഗൗരവമുള്ള തെറ്റാണ്.

## D. **നമസ്ക്കാരം, സത്യദീപം, ബൈബിൾ, ലോഗോ** **1X4=4**

19. എത്രയും ദയയുള്ള മാതാവേ (നമസ്കാരങ്ങൾ, പേജ് 14)

എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന് നിന്റെ സഹായം തേടി നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്നു നീ ഓർക്കണമേ; കന്യകകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ട്, നിന്റെ തൃപ്പാദത്തിങ്കൽ ഞാനണയുന്നു. വിലപിച്ച്, കണ്ണുനീർ ചിന്തി, പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ! എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമേ. ആമ്മേൻ.

20. റോമിലെ സെന്റ് മേരി മേജർ ബസിലിക്ക (സത്യദീപം, 2026 ജനുവരി 14)

21. ഹെബ്രായർ 4:16, "വേണ്ട സമയത്തു കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്കു പ്രത്യാശയോടെ കൃപാവരത്തിൻെറ സിംഹാസനത്തെ സമീപിക്കാം." (വചനദീപം, 2026 ഫെബ്രുവരി 8)

22. **ഉയർത്തിപ്പിടിച്ച കരങ്ങൾ:** എന്നും ദൈവത്തിലേക്ക് ഉയരേണ്ട പ്രാർത്ഥനയുടെ കൈകൾ. യഥാർത്ഥ സന്തോഷം ഈശോയിലാണെന്ന തിരിച്ചറിവിൽ തകർച്ചകളിലും ആസക്തികളിലും പ്രത്യാശയോടെ ഈശോയെ വിളിച്ചപേക്ഷിക്കണം. (വചനദീപം പേജ് 9)

## E. **ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക** **5X2=10**

23. പാഠം 14 - മനഃസ്സാക്ഷി രൂപീകരണം / പേജ് 76,78-79)

- മനഃസാക്ഷി : നന്മയുടെ പ്രചോദനങ്ങൾ നൽകി......ആന്തരിക ആഹ്വാനമാണ് മനഃസാക്ഷി.
- ക്രിസ്തീയ മനഃസാക്ഷി രൂപീകരണം: 1. ശരിയായ അറിവു നേടണം 2. സംശയങ്ങൾ ദൂരീകരിക്കണം 3. മനസ്സിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കണം 4. പരിശുദ്ധാത്മാവിന്റെ സഹായം തേടണം

24. ഉപപാഠം അദ്ധ്യായം 6 - ലൈംഗികത എന്റെ ഉത്തരവാദിത്വങ്ങളിൽ ഒന്ന് / പേജ് 24-25

- ദൈവദാനമായ ലൈംഗികോർജ്ജം നഷ്ടപ്പെടുന്ന വഴികൾ
- ലൈംഗികോർജ്ജം എങ്ങനെ പ്രയോജനപ്പെടുത്താം
- ലൈംഗികതയുടെ ആധ്യാത്മിക മൂല്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**16/02/2025** | **മാർക്ക് - 50**
**10.30pm - 12.30pm** | **STD - VII** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * ദൈവം | * മിശിഹാ | * നല്ല കുടുംബങ്ങൾ |
| * റോമ 5:17-18 | * പീലാത്തോസ് | * റോമ 7:18-19 |
| * വി.കുർബാന | * വിശ്വാസം | * ശിഷ്യരോട് |
| * നിസ്വാർത്ഥസ്നേഹം | * ഹൃദയം | * വി. മരിയ ഗൊരേത്തി |
| * വി. ജിയന്ന ബെറെറ്റ | * സഭാസമൂഹം | * കാര്യസ്ഥൻ |

1. പഴയ നിയമത്തിൽ മനഃസാക്ഷിയെന്നാൽ എന്ത്?
2. ഞാൻ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനാണെന്ന് ഈശോ ആരോടാണ് പറഞ്ഞത്?
3. കുടുംബബന്ധത്തിന് അടിത്തറയാകേണ്ടത് എന്ത്?
4. സത്യത്തിന്റെ പൂർണ്ണതയാണ് .............
5. ക്രൈസ്തവർ വിശുദ്ധിയുടെ മാതൃകയായി ആരെയാണ് ധരിച്ചിരിക്കുന്നത്?
6. ശുദ്ധത എന്ന പുണ്യത്തിനായി ജീവൻ ബലികഴിച്ച വിശുദ്ധ ആര്?
7. സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല് എന്താണ്?
8. സഭയുടെ പരമോന്നതമായ ആരാധന ഏതാണ്?
9. ഈശോയിൽ വിശ്വസിക്കുന്നവർക്ക് അവരുടെ മനഃസാക്ഷിയുടെ അടിസ്ഥാനം എന്ത്?
10. ദൈവാലയത്തിന്റെ സംരക്ഷണവും ദൈവാലയ ശുശ്രൂഷകരുടെ പരിപാലനയും സാധുക്കളുടെ സംരക്ഷണവും ആരുടെ കടമയാണ്?
11. "നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും. എന്നാൽ, പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്." വചനഭാഗം ഏത്?
12. പ്രപഞ്ചത്തിന്റെ ഉടമസ്ഥനല്ല, ................ ആണ് മനുഷ്യൻ?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. സുവിശേഷാനുസൃതമായ ദാരിദ്ര്യം എന്നാൽ എന്ത്?
14. പഴയനിയമജനത ഏത് ബന്ധത്തോടാണ് ഭാര്യാഭർതൃബന്ധത്തെ ഉപമിച്ചിരുന്നത്?

15. മനഃസാക്ഷി രൂപീകരണത്തിലെ രണ്ടാമത്തെ കാര്യം എന്ത്?

16. ഞായറാഴ്ചകളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യരുതെന്ന് സഭ നിർദ്ദേശിക്കുന്നത് എന്തുകൊണ്ട്?

17. എന്താണ് അപവാദം?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6**

18. തിരുസഭയുടെ കൽപനകൾ നമ്മെ എന്തിന് സഹായിക്കുന്നു?

19. ക്രിസ്തീയ മനഃസാക്ഷി രൂപപ്പെടുത്താൻ നാം ശ്രദ്ധിക്കണം എന്ന് പറയുന്നത് എന്തുകൊണ്ട്?

20. കള്ളം പറയുന്നത് എങ്ങനെയാണ് അവകാശ ലംഘനമാകുന്നത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4**

21. മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിലെ അഞ്ചാം ദിവ്യരഹസ്യം എഴുതുക.

22. ഫ്രാൻസിസ് മാർപാപ്പയുടെ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന നാലാമത്തെ ചാക്രികലേഖനത്തിന്റെ അടിസ്ഥാന പ്രമേയം എന്ത്?

23. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 116:1, "ഞാൻ കർത്താവിനെ ......."

24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'നങ്കൂരം' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10**

25. തകരുന്ന കുടുംബ ബന്ധങ്ങളെക്കുറിച്ചും ദാമ്പത്യ വിശുദ്ധിയെക്കുറിച്ചും 'ദാമ്പത്യവിശുദ്ധി പാലിക്കുക' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

26. കൗമാരക്കാരുടെ ശാരീരിക-മാനസീക ആരോഗ്യത്തെയും ചുറ്റുപാടുകളെയും നശിപ്പിക്കുന്ന അഡിക്ഷനുകൾ ഏതെല്ലാമെന്നും, അഡിക്ഷനുകൾ ആരംഭിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും, അവയിൽ നിന്നും മോചനം നേടി എങ്ങനെ വിശുദ്ധി പ്രാപിക്കാമെന്നും ഉപപാഠപുസ്തകത്തിലെ 'അഡിക്ഷൻ' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

കുട്ടികൾ ചൂഷണങ്ങൾക്ക് ഇരയാകുന്നത് ഇന്ന് വർദ്ധിച്ചുവരികയാണല്ലോ. എന്തൊക്കെ ചൂഷണങ്ങളാണ് കുട്ടികൾ നേരിടുന്നത്? നിങ്ങളുടെ സുഹൃത്ത് ഇത്തരത്തിലുള്ള ചൂഷണത്തിന് ഇരയായാൽ, അതിൽ നിന്നും ആ സുഹൃത്തിനെ രക്ഷിക്കാൻ എന്തൊക്കെ ചെയ്യാനാകും?

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | **15** |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# STD-VII

**A. ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക.**

1) ഹൃദയം (പാഠം 14, പേജ് 77, പാര 3)
2) പീലാത്തോസിനോട് (പാഠം 9, പേജ് 51, പാര 1)
3) നിസ്വാർത്ഥസ്നേഹം (പാഠം 10, പേജ് 57, പാര 1)
4) ദൈവം (പാഠം 9, പേജ് 50, പാര 3)
5) മിശിഹാ (ഉപപാഠം 5, പേജ് 18, പാര 2)
6) വി. മരിയ ഗൊരേത്തി (ഉപപാഠം 5, പേജ് 22, പാര 3)
7) നല്ല കുടുംബങ്ങൾ (പാഠം 10, പേജ് 57, പാര 5)
8) വി.കുർബാന (പാഠം 13, പേജ് 72, പാര 3)
9) വിശ്വാസം (പാഠം 14, പേജ് 77, പാര 4)
10) സഭാസമൂഹം (പാഠം 13, പേജ് 73, പാര 4)
11) റോമ 7:18-19 (പാഠം 14, പേജ് 77, പാര 2)
12) കാര്യസ്ഥൻ (പാഠം 11, പേജ് 63, പാര 1)

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

13) പാഠം 11, പേജ് 62, പാര 3
14) പാഠം 10, പേജ് 55, പാര 3
15) പാഠം 14, പേജ് 78, പാര 3
16) പാഠം 13, പേജ് 72, പാര 4
17) പാഠം 9, പേജ് 51, പാര 2

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക**

18) പാഠം 13, പേജ് 74, പാര 3
19) പാഠം 14, പേജ് 78, പാര 4
20) പാഠം 9, പേജ് 52-53

**D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ**

21) മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിലെ അഞ്ചാം ദിവ്യരഹസ്യം (നമസ്കാരപുസത്കം- പേജ് 21)
22) ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി (സത്യദീപം, ഡിസംബർ 05, പേജ് 01)
23) സങ്കീർത്തനം 116:1, (വചനദീപം, പേജ് 28, ജനുവരി 05)
24) 'നങ്കൂരം' (വചനദീപം, പേജ് 10)

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക**

25) 'ദാമ്പത്യവിശുദ്ധി പാലിക്കുക' (പാഠം 10, പേജ് 56-57)

26) 'അഡിക്ഷൻ' (ഉപപാഠം 7)

(അല്ലെങ്കിൽ)
പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

18/02/2024 | മാർക്ക് - 50

10.30 A.M. - 12.30 P.M. **STD - VII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സ്നേഹപൂർവ്വം | * മത്തായി 5:3 | * വി. പൗലോസ് |
| * പീലാത്തോസ് | * ദൈവം | * പഴയനിയമജനത |
| * നീതിപൂർവ്വം | * സഭയ്ക്ക് | * വി. പത്രോസ് |
| * നല്ല സമരിയാക്കാരൻ | * സത്യസന്ധത | * റോമാ 7:19 |
| * വിശ്വാസം | * ആദിമ ക്രിസ്ത്യാനികൾക്ക് | * ധൂർത്തപുത്രന്റെ ഉപമ |

1. മിശിഹായും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയെന്ന് അവതരിപ്പിച്ചതാര്?
2. മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുന്നവർക്കേ .......... പെരുമാറാൻ കഴിയൂ?
3. താൻ ലോകത്തിലേക്ക് വന്നത് സത്യത്തിന് സാക്ഷ്യം വഹിക്കാനാണെന്ന് ഈശോ ആരോടാണ് പറഞ്ഞത്?
4. "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10:37) എന്ന ദൈവവചനം ഏത് ഉപമയുമായി ബന്ധപ്പെട്ടിരിക്കുന്നു?
5. ഭാര്യാഭർതൃബന്ധത്തെ ഇസ്രായേലും ദൈവവുമായിയുള്ള ബന്ധമായി ഉപമിച്ചത് ആര്?
6. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്." വചനഭാഗം എഴുതുക.
7. ഈശോയിൽ വിശ്വസിക്കുന്നവരുടെ മനഃസാക്ഷിയുടെ അടിസ്ഥാനം
8. ദൈവപ്രമാണങ്ങളെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അവകാശം ഈശോ ആർക്കാണ് നൽകിയിരിക്കുന്നത്?
9. സത്യത്തിന്റെ പൂർണത
10. "ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്." വചനഭാഗം എഴുതുക.

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (ഏതെങ്കിലും 5 എണ്ണം) 1X5=5

11. ഔദാര്യത്തിന്റെ അടിത്തറ?
12. ശുദ്ധത എന്ന പുണ്യത്തിനായി ജീവൻ ബലികഴിച്ച വിശുദ്ധ ആര്?
13. ദാമ്പത്യവിശുദ്ധിയെക്കുറിച്ച് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതെന്ത്?

14. നമ്മുടെ നീതിബോധത്തിന്റെ അടിസ്ഥാനം എന്താകണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്?

15. ആധുനികലോകത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാകുന്നതിന്റെ പ്രധാന കാരണം?

16. മനഃസാക്ഷിയുടെ തീരുമാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായം ലഭിക്കുന്നത് ആർക്കാണ്?

17. ഹാപ്പി ഹോർമോണുകളെ കൂടുതലായി എങ്ങനെ ഉത്പാദിപ്പിക്കാം?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

18. വിവാഹം ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ ഫലദായകമായ അടയാളമായി മാറുന്നത് എങ്ങനെ?

19. സമ്പത്ത് ദൈവികദാനമാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

20. ക്രിസ്തീയ മനഃസാക്ഷി രൂപപ്പെടുത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. പരി. ജപമാലയിലെ ദുഃഖകരമായ രഹസ്യങ്ങളിലെ 4-ാം രഹസ്യം എഴുതുക.

22. ബലി അർപ്പണത്തിൽ അപ്പത്തിനും വീഞ്ഞിനും വരുന്ന മാറ്റത്തെ സൂചിപ്പിക്കുന്നത് എന്ത്?

23. തിരുവചനം എഴുതുക. സുഭാഷിതം 3:27 “നിനക്കു ചെയ്യാൻ......”

24. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ നന്മയിൽ വളരാം എന്ന ലോഗോയിൽ കാണുന്ന ‘മൂന്ന് നീല പുഷ്പങ്ങൾ’ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

25. തിരുസഭയുടെ കല്പനകൾ നമ്മെ സഭയുടെ വിശ്വസ്ത മകനായി/മകളായി ഈ ലോകത്തിൽ ജീവിക്കാൻ എങ്ങനെ സഹായിക്കുന്നുവെന്ന് പതിമൂന്നാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. ‘നന്മതിന്മകൾ തിരഞ്ഞെടുക്കാൻ പ്രപഞ്ചത്തിൽ മനുഷ്യനേ സാധിക്കുകയുള്ളു.’ ദൈവം തന്ന ഈ കഴിവ് ലൈംഗികതയുടെ കാര്യത്തിൽ എപ്രകാരം വിവേകത്തോടെ ഉപയോഗിക്കാൻ സാധിക്കുമെന്ന് വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ വിശദമാക്കുക.

27. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** | **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - VII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X5=5**

1. കുടുംബബന്ധത്തിന് അടിത്തറയാകേണ്ടത് എന്താണ്?
2. പരീക്ഷയിലെ കോപ്പിയടി എന്തിന് വിരുദ്ധമായ തിന്മയാണ്?
3. ഈശോയുടെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കം
4. സഭയുടെ പരമോന്നതമായ ആരാധന
5. ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര

**പദപ്പെട്ടി**

| | |
|---|---|
| ദൈവസ്നേഹം | മലയിലെ പ്രസംഗം |
| സത്യസന്ധത | നിസ്വാർത്ഥസ്നേഹം |
| തിരുനാളുകൾ | ഔദാര്യം |
| പരസ്പരാശ്രയത്വം | അഷ്ടസൗഭാഗ്യങ്ങൾ |
| സഹോദരസ്നേഹം | വി. കുർബാന |

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

6. ദൈവമക്കളായ നമ്മൾ സത്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന് വി. പൗലോസ് ശ്ലീഹാ പറയാൻ കാരണമെന്ത്?
7. മൗലികസുകൃതങ്ങൾ എഴുതുക.
8. ദൈവവചനം എഴുതുക.

   അവൻ (ഈശോ) പറഞ്ഞു: "ദൈവവചനം ശ്രവിക്കുകയും ................" (വി. ലൂക്കാ 8:21).
9. ബെനഡിക്ട് പതിനാറാമൻ പാപ്പ എഴുതിയ 3 ചാക്രിക ലേഖനങ്ങളിൽ ഏതെങ്കിലും ഒരു ചാക്രിക ലേഖനത്തിന്റെ പേരെഴുതുക.
10. വിവാഹത്തിന്റെ അഭേദ്യത എന്നുപറയുന്നതെന്ത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **3X5=15**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. ഔദാര്യം എന്ന പുണ്യത്തെക്കുറിച്ച് കുറിയ്ക്കുക.
12. തിരുസഭയുടെ കല്പനകൾ എന്തിനെല്ലാം ഉപകരിക്കുന്നു? അവയോടുള്ള മനോഭാവം എന്തായിരിക്കണം?
13. 'ഈശോയുടെ യഥാർത്ഥ ശിഷ്യരായിത്തീരാൻ നാം ഈശോയിൽ വിശ്വസിച്ചാൽ മാത്രം പോരാ'. സമർത്ഥിക്കുക.
14. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
15. വി. കുർബാന സ്വീകരണത്തിനുമുമ്പ് 'വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു' എന്ന കാർമ്മികന്റെ ആഹ്വാനത്തിനുള്ള സമൂഹത്തിന്റെ മറുപടി എന്ത്?

**D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

16. ക്രിസ്തീയ മനഃസാക്ഷി എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? ക്രിസ്തീയ മനഃസാക്ഷി രൂപീകരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം? ഉത്തമ ക്രിസ്തീയ മനഃസാക്ഷിയുള്ളവർ സഭയിലും സമൂഹത്തിലും എപ്രകാരമാണ് വ്യാപരിക്കേണ്ടത്? 14-ാം പാഠത്തെ ആസ്പദമാക്കി നിങ്ങളുടെ കാഴ്ചപ്പാടുകളും വിലയിരുത്തലുകളും കുറിയ്ക്കുക.
17. 'ജീവിതത്തിലെ ഏത് പ്രതികൂലസാഹചര്യങ്ങളെയും അതിജീവിക്കാൻ ക്രൈസ്തവർ കെൽപ്പുള്ളവരായിരിക്കും' (പാഠം-15). ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു സന്ദേശം നിങ്ങളുടെ ക്ലാസ്സിൽ അവതരിപ്പിക്കാൻ കഴിയുന്നവിധത്തിൽ തയ്യാറാക്കുക.

18. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.